<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3040</u> <u>25-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കരുവാറ്റ - നെടുമുടി റോഡ് പരിഷ്കരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് നിന്നും എം.സി. റോഡിൽ എത്തിച്ചേരാവുന്ന ഏറ്റവും എളുപ്പ മാർഗ്ഗമായ കരുവാറ്റ- നെടുമുടി റോഡ് അടിയന്തരമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കരുവാറ്റ-നെടുമുടി റോഡ്, എ.സി റോഡിൽ പൂപ്പള്ളിയിൽ നിന്നും ആരംഭിച്ച് ഹരിപ്പാട് എൻ.എച്ച് പവർ ഹൗസ് ജംഗ്ഷൻ വരെ വന്നു ചേരുന്ന 17.200 കി.മി നീളമുള്ള റോഡാണ്. ഈ റോഡ് പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുന്നതിന് പടഹാരം പാലം, കോരൻകുഴി പാലം, മുതലക്കുറിച്ചിക്കൽ പാലം എന്നീ പാലങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഈ റോഡിന്റെ ഭാഗമായ മുതലക്കുറിച്ചിക്കൽ മുതൽ എൻ.എച്ച് പവർ ഹൗസ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. കോരൻകുഴി പാലം, മുതലിക്കുറിച്ചിക്കൽ പാലം വരെയുള്ള ഭാഗം ഫോർമേഷൻ ചെയ്ത് സഞ്ചാരയോഗ്യ മാക്കിയെടുക്കേണ്ടതുണ്ട്. |
| (ബി) | ഈ റോഡിൽ ഇനിയും ഏതൊക്കെ പാലങ്ങളാണ് നിർമ്മാണം പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പടഹാരം പാലം, കോരൻകുഴി പാലം, മുതലക്കുറിച്ചിക്കൽ പാലം എന്നീ പാലങ്ങളുടെയാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്. ഈ റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമാകണമെങ്കിൽ ഈ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | റോഡിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സമയബന്ധിതമായി ഈ റോഡ് പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (സി) | പടഹാരം പാലം, കോരൻകുഴി പാലം, മുതലക്കുറിച്ചിക്കൽ പാലം എന്നീ പാലങ്ങളുടെയാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്. ഈ റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമാകണമെങ്കിൽ ഈ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത റോഡിന്റെ ഏതൊക്കെ ഭാഗങ്ങളിൽ നിർമ്മാണം പൂർത്തിയായെന്ന് വ്യക്തമാക്കാമോ? | (ഡി) | പൂപ്പള്ളി മുതൽ പടഹാരം പാലം വരെയുള്ള ഭാഗം സി.ആർ.എഫ് ൽ ഉൾപ്പെടുത്തി ബി.എം.ആന്റ് ബി.സി ചെയ്തിട്ടുള്ളതാണ്. പടഹാരം പാലം മുതൽ കോരൻകുഴി പാലം വരെയുള്ള ഭാഗം എം.എസ്.എസ് ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കോരൻകുഴി പാലം മുതൽ മുതലക്കുറിച്ചിക്കൽ പാലം വരെയുള്ള ഭാഗം |

| | | | |
|---|---|---|---|
| | | | ഫോർമേഷൻ ചെയ്ത് സഞ്ചാരയോഗ്യമാക്കിയെടുക്കേണ്ടതുണ്ട്. മുതല ക്കുറിച്ചിക്കൽ മുതൽ എൻ.എച്ച് പവർ ഹൗസ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ